പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3534 | 22/08/2017 ൽ മറുപടിക്ക് |
|---|---|

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി, വെൺപകൽ സി.എച്ച്.സി. എന്നിവയുടെ കെട്ടിടങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രി, വെൺപകൽ സി.എച്ച്.സി. എന്നിവയുടെ എച്ച്.ടി. കണക്ഷൻ ലഭിയ്ക്കാത്തതും പണി പൂർത്തിയാകാത്തതുമായ കെട്ടിടങ്ങളുടെ പുതുക്കിയ ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രി, വെൺപകൽ സി.എച്ച്.സി. എന്നീ ആശുപത്രികളിൽ യഥാക്രമം 38 ലക്ഷം, 2 കോടി 35 ലക്ഷം എന്നീ തുകയുടെ പുതുക്കിയ നിരക്കിലുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ 2017-2018 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) | വെൺപകൽ സി.എച്ച്.സി.യിൽ 1.5 കോടി രൂപ മുടക്കിഅസ്ഥിവാരംമാത്രംപൂർത്തീകരിച്ച കെട്ടിടത്തിന്റെ ബാക്കി പണികൾ പൂർത്തീകരിക്കാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചു; | | |
| സി) | വെൺപകൽ സി.എച്ച്.സി.യിൽ ദിനംപ്രതി എത്ര രോഗികൾ ചികിത്സ തേടി വരുന്നു; എത്ര പേർക്ക് കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ട് എന്ന് വ്യക്തമാക്കാമോ; | സി) | വെൺപകൽ സി.എച്ച്.സി.യിൽ ദിനംപ്രതി 390 മുതൽ 550 വരെ രോഗികൾ ഒ.പി.യിൽ ചികിത്സ തേടി വരുന്നുണ്ട്. 52 പേർക്ക് കിടത്തി ചികിത്സക്കുള്ള സൗകര്യം നിലവിൽ ഉണ്ട്. |
| ഡി) | വെൺപകൽ സി.എച്ച്.സി.യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കുമോ? | ഡി) | വെൺപകൽ സി.എച്ച്.സി.യിൽ ആവശ്യത്തിനുള്ള ജീവനക്കാർ ഇപ്പോഴുണ്ട്. കിടക്കകളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ മാത്രമെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുള്ളു. |

സെക്ഷൻ ഓഫീസർ